വൈദ്യുതി ചാർജ്ജ് നേരിട്ട് വീടുകളിൽ നിന്ന് ശേഖരിക്കുന്നതു സംബന്ധിച്ച്

162 (4225) ശ്രീ. എ. എം. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ ചാർജ് ഉപഭോക്താക്കളിൽ നിന്ന് അവരുടെ വീടുകളിൽ ചെന്ന് മീറ്റർ റീഡിംഗ് എടുക്കുന്ന ഉദ്യോഗസ്ഥൻ മുഖാന്തിരം ശേഖരിക്കുവാനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കൾക്ക് വളരെയേറെ ഗുണകരമാകുന്ന ഈ രീതി നടപ്പിലാക്കുവാൻ കെ.എസ്.ഇ.ബി.-ക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) പരിഗണിക്കുന്നതാണ്.

പാരമ്പര്യേതര ഊർജ്ജമേഖലയിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം

163 (4226) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജമേഖലയിൽ ഏതെല്ലാം സ്രോതസ്സുകളാണ് സംസ്ഥാനത്ത് നിലവിൽ ഉപയോഗപ്പെടുത്തിവരുന്നത് ;

(ബി) കേന്ദ്ര ഗവൺമെന്റ് അനെർട്ട് പോലെയുള്ള ഏജൻസികൾ എന്നിവയുമായി ചേർന്ന് പാരമ്പര്യേതര ഊർജ്ജമേഖലയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജമേഖലയിൽ അക്ഷയ ഊർജ്ജം, സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം, ചെറുകിട ജലശക്തി എന്നിവയുടെ വികസനത്തിലൂടെ ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് അനെർട്ട് വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) വിദൂരഗ്രാമ വൈദ്യുതീകരണ പരിപാടി, ജെ.എൻ.എൻ.എസ്.എം. എന്നീ പദ്ധതികളാണ് കേന്ദ്ര സഹായത്തോടെ അനെർട്ട് നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly